**പതിനാലാം കേരള നിയമസഭ**

**ഇരുപത്തി രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 290** **12.01.2021 -ൽ മറുപടിക്ക്**

**വയനാട് ജില്ലയിലെ ആരോഗ്യമേഖല**

**ചോദ്യം** **മറുപടി**

**ശ്രീ.ഒ .ആർ.കേളു** **കെ.കെ. ശൈലജ ടീച്ചർ**

(ആരോഗ്യവും സാമൂഹ്യ നീതിയും വനിതാ ശിശു വികസനവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മാനന്തവാടി ജില്ല ആശുപത്രിയുടെ മൾട്ടി പർപ്പസ് കെട്ടിട നിർമ്മാണ പുരോഗതി അറിയിക്കുമോ; | (എ) | മാനന്തവാടി ജില്ലാ ആശുപത്രി മൾട്ടി പർപ്പസ് കെട്ടിടത്തിന്റെ രണ്ട് നിലകളുടെ സ്ട്രക്ചറൽ വർക്കുകൾ പൂർത്തിയായി. മൂന്നാം നിലയുടെ സ്ട്രക്ചറൽ വർക്കുകൾ നടന്നു വരുന്നു. |
| (ബി) | മാനന്തവാടി ജില്ല ആശുപത്രി കാത്ത് ലാബിന്റെ പ്രവർത്തനം അറിയിക്കാമോ; | (ബി) | മാനന്തവാടി ജില്ലാ ആശുപത്രിയിൽ കാത്ത് ലാബിന്റെ പ്രവർത്തികൾ പുരോഗമിക്കുന്നു. പ്രധാന കോൺക്രീറ്റ് പ്രവർത്തികൾ നടന്നു വരുന്നു. കൂടാതെ മുറികൾ തരംതിരിച്ച് ഇലക്ട്രിക്കൽ, പ്ലംബിംഗ്, എയർ കണ്ടീഷനിംഗ്, പെയിന്റിംഗ് എന്നീ പ്രവർത്തികൾ ശേഷിക്കുന്നുണ്ട്. ഇവ അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) | മാനന്തവാടി മണ്ഡലത്തിൽ അനുവദിക്കപ്പെട്ട കുടുംബാരോഗ്യ കേന്ദ്രങ്ങൾ എത്രയെന്ന് വെളിപ്പെടുത്താമോ; | (സി) | മാനന്തവാടി മണ്ഡലത്തിൽ ഏഴ് കുടുംബാരോഗ്യ കേന്ദ്രങ്ങൾ അനുവദിച്ചിട്ടുണ്ട്. അവയുടെ പേരുകൾ ചുവടെ ചേർക്കുന്നു. |

| | | | |
|---|---|---|---|
| | | | 1. അപ്പപ്പാറ<br>2. തൊണ്ടർ നാട്<br>3. എടവക<br>4. വെള്ളമുണ്ട<br>5. കുറുക്കൻ മൂല<br>6. ബേഗ്ഗർ<br>7.വാളാട് |
| (ഡി) | മാനന്തവാടി നല്ലൂർനാട് പ്രവർത്തനം ആരംഭിച്ച ക്യാൻസർ സെന്ററിന്റെ വിപുലീകരണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | (ഡി) | ചികിത്സാ സൗകര്യങ്ങൾ നാമമാത്രമായുള്ള വയനാട് ജില്ലയിൽ ആദിവാസികൾ ഉൾപ്പെടെയുള്ള ജനവിഭാഗത്തിന് ക്യാൻസർ രോഗ പരിചരണം നൽകി വരുന്ന സ്ഥാപനമാണ് നല്ലൂർനാട് ട്രൈബൽ ആശുപത്രി. എല്ലാ സാമ്പത്തിക വർഷവും ഈ കേന്ദ്രത്തിന്റെ വിപുലീകരണത്തിനായി ഫണ്ടുകൾ ക്യാൻസർ കെയർ ഫണ്ടിൽ നിന്ന് നൽകി വരുന്നുണ്ട്. |
| (ഇ) | വയനാട് ജില്ലയിലെ അരിവാൾ രോഗികളുടെ ക്ഷേമത്തിനായി പ്രത്യേക പദ്ധതിയുണ്ടോ എന്ന് വെളിപ്പെടുത്താമോ? | (ഇ) | അരിവാൾ രോഗികളുടെ ക്ഷേമത്തിനായി Sickle Cell Management പദ്ധതി നിലവിൽ ഉണ്ട്. ആയതിന്റെ ഭാഗമായി വയനാട് ജില്ലയിലെ എല്ലാ അരിവാൾ രോഗികൾക്കും കോഴിക്കോട് മെഡിക്കൽ കോളേജും ആരോഗ്യകേരളം വയനാടും ചേർന്ന് പ്രോട്ടീൻ സമ്പുഷ്ടമായ ഭക്ഷണ കിറ്റ് നൽകി വരുന്നു. ആദിവാസി |

| | | | |
|---|---|---|---|
| | | | വിഭാഗത്തിലെ അരിവാൾ രോഗികൾക്ക് പ്രതിമാസം 2500/- രൂപയും, മറ്റു വിഭാഗങ്ങൾക്ക് 2000 രൂപ വീതവും ധനസഹായം നൽകുന്നുണ്ട്. ആരോഗ്യകേന്ദ്രങ്ങൾ വഴി സൗജന്യ ചികിത്സ ലഭ്യമാണ്. മാനന്തവാടി ജില്ലാ ആശുപത്രിയിൽ വിദഗ്ധ ചികിത്സയും മരുന്നുകളും നൽകി വരുന്നു. Solubility test, Hb electropherosis എന്നിവയ്ക്കുള്ള സൗകര്യങ്ങൾ സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ താലൂക്ക് അടിസ്ഥാനത്തിൽ അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് ഭിന്നശേഷി സർട്ടിഫിക്കറ്റും നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ